**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **18-03-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വന സംരക്ഷണ നിയമത്തിലെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിലെ ചില വ്യവസ്ഥകൾ വികസന പ്രവർത്തനങ്ങൾക്ക് അനാവശ്യ തടസ്സം സൃഷ്ടിക്കുന്നതും കാടിന് പുറത്തുള്ള വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾക്ക് ഗുണകരമല്ലാത്തതും കർഷകർക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നതുമാകയാൽ ഉചിതമായ ഭേദഗതിക്ക് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ പ്രതികരണം അറിയിച്ചിരുന്നോ; വിശദാംശം അറിയിക്കാമോ; | (എ) | 1980 ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിൽ കൊണ്ട് വരാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ പര്യാലോചിക്കുന്നതിന്റെ ഭാഗമായി പൊതു ജനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെയും അഭിപ്രായങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തേടിയിട്ടുണ്ട്. ഈ വിഷയത്തിൽ വനം വകുപ്പിന്റെ നിർദ്ദേശങ്ങളും പൊതു ജനങ്ങളിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങളും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് വനത്തിന് പുറത്തുള്ള വൃക്ഷവത്ക്കരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ അത് പ്രോത്സാഹിപ്പിക്കാനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; കാർബൺ ന്യൂട്രൽ വയനാട് പദ്ധതിയിൽ കൈവരിക്കാനായ പുരോഗതി വിലയിരുത്തിയിരുന്നോ; | (ബി) | ഇതിനായി വൃക്ഷസമൃദ്ധി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വൃക്ഷ വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ്, നഴ്സറികളിൽ തൈകൾ ഉല്പ്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സൗജന്യമായി പൊതുജനങ്ങൾക്ക് വിതരണം നടത്തിയിട്ടുള്ളതും MGNREG പദ്ധതിയിൽ ഉള്ളപ്പെടുത്തി ലഭ്യമായ പൊതുസ്ഥലങ്ങളിൽ വൃക്ഷ തൈകൾ വച്ച് പിടിപ്പിച്ച് പരിപാലനം നടത്തുന്നതുമാണ് പദ്ധതി. |
| (സി) | പ്രകൃതി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളും വന്യജീവി വഴിത്താരകളും സ്വാഭാവിക വനമായി മാറ്റാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; പ്രദേശവാസികളുടെ താല്പര്യ സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് എന്നറിയിക്കുമോ? | (സി) | സ്വാഭാവിക വനങ്ങളുടെ ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനം സംബന്ധിച്ച ഒരു നയരേഖ 17.12.2021 തീയതിയിൽ സ.ഉ.(കൈ) നമ്പർ 21/2021/വനം നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രദേശവാസികളുടെ താല്പര്യ സംരക്ഷണത്തിന് പ്രാധാന്യം നൽകിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

## നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 214

## കേന്ദ്ര വന സംരക്ഷണ നിയമത്തിലെ ഭേദഗതി

29.10.2021 ലെ FC2-- 22252/2021 നമ്പർ കത്ത് മുഖേന 1980 ലെ വന സംരക്ഷണ നിയമഭേദഗതിയുടെ പര്യാലോചനയുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ആയതിൽ പൊതുവായ അഭിപ്രായങ്ങളും ചില പ്രത്യേകപരാമർശങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ഈ നിയമത്തിലെ വ്യവസ്ഥകൾ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതല്ല മറിച്ച് വനഭൂമി വനേതര ആവശ്യങ്ങൾക്കായി കൈമാറ്റം ചെയ്യുമ്പോൾ നിലവിലുള്ള സന്തുലിതാവസ്ഥക്ക് കോട്ടം തട്ടാത്ത വിധത്തിലാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. കൈമാറ്റം ചെയ്യപ്പെടുന്ന വനഭൂമിക്ക് പകരം ഭൂമി വനം വകുപ്പിന് കൈമാറുന്നതിനും വനേതര ഭൂമിയിൽ പരിഹാര വനവൽക്കരണം നടത്തുന്നതിനും ഈ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. കർഷകർക്ക് പ്രതിബന്ധം സൃഷ്ടിക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഒന്നും തന്നെ പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമാണ്.

കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) വന സംരക്ഷണ നിയമം വളരെ ലഘുവും സ്ഥായിയുമായതിനാൽ, ഭേദഗതി ചെയ്യേണ്ടത് റൂൾസും, ഗൈഡ് ലൈനുകളുമാണെന്ന് നിർദ്ദേശിച്ചു.

( 2 ) സംസ്ഥാന സർക്കാരുകളുമായി പര്യാലോചന നടത്തിയും, അഭിപ്രായങ്ങൾ അറിയിക്കുവാൻ ആവശ്യത്തിന് സമയം നൽകികൊണ്ടും വേണം ഭേദഗതി വിഷയത്തിൽ തീരുമാനമെടുക്കേണ്ടതെന്നും നിർദ്ദേശിച്ചു.

(3) വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ ബഹു. സുപ്രീം കോടതിയുമായി പര്യാലോചിച്ച് മാത്രമേ ഭേദഗതികൾ നടപ്പിൽ വരുത്താവൂ എന്ന് നിർദ്ദേശിച്ചു.

(4) 1980 ന് മുമ്പ് സർക്കാർ സ്ഥാപനങ്ങൾക്ക് ലഭ്യമായ പ്രദേശങ്ങൾ (ലീസ് പ്രദേശങ്ങൾ ഒഴികെ) റിസർവ്വ് സ്റ്റാറ്റസ് ഒഴിവാക്കിയ പ്രദേശങ്ങൾ, നിയമപരമായി വനഭൂമി അല്ലാത്ത പ്രദേശങ്ങൾ എന്നിവ വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചു.

(5) സ്വകാര്യ ഭൂമിയിന്മേലുള്ള പ്ലാൻറേഷനുകൾ വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാവുന്നതും, എന്നാൽ സർക്കാർ ഏജൻസികൾ സർക്കാർ ഭൂമിയിൽ നടത്തുന്ന വനവൽക്കരണ പ്രവർത്തനങ്ങൾ നിയമത്തിന്റെ പരിധിയിൽ വരേണ്ടതാണെന്നും നിർദ്ദേശിച്ചു

കാലാവസ്ഥ വ്യതിയാനം പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്ന വയനാട് ജില്ലയെ

കാർബൺ തുല്യത ജില്ലയാക്കി മാറ്റി, കാലാവസ്ഥയെ പരിഗണിക്കുന്ന, പരിസ്ഥിതി സൗഹൃദമായ ഒരു വികസന മാതൃക സൃഷ്ടിക്കാനുള്ള തുടക്കമാണ് കരബൺ ന്യൂട്രൽ മീനങ്ങാടി എന്ന പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി പുഴത്തീരങ്ങളിൽ മുളത്തൈകൾ നട്ടു പിടിപ്പിക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ, തോട്ടങ്ങൾ, ജലാശയങ്ങൾ എന്നിവ സംരക്ഷിച്ചു വരുന്നുണ്ട്.

2018-19 വർഷങ്ങളിൽ കേരളത്തിൽ വിനാശം വിതച്ച പ്രളയം, വയനാട്, ശെന്തുരുണി, അട്ടപ്പാടി, കോഴിക്കോട്, ഇടുക്കി തുടങ്ങിയ പല വനമേഖലകളിലേയും സാമൂഹിക, സാമ്പത്തിക, മാനുഷിക, പാരിസ്ഥിതിക ഘടനയെ ദോഷകരമായി ബാധിച്ചു. പ്രളയശേഷമുള്ള പുനർനിർമ്മാണത്തിന്റെ ഭാഗമായി വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസിയിതര കുടുംബങ്ങളെ അവരുടെ പൂർണ്ണസമ്മതത്തോടു കൂടി വനത്തിനു പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും, വനത്തിനുള്ളിലെ സ്വകാര്യത്തോട്ടങ്ങൾ ഏറ്റെടുത്ത് വനമായി മാറ്റുന്നതിനും കൂടാതെ കണ്ടൽക്കാടുകളുടെ ഏകീകരണം, കണ്ടൽ കാടുകളുടെ ദീർഘകാല സംരക്ഷണത്തെ സംബന്ധിക്കുന്ന പഠനം എന്നിവയാണ് RKD പദ്ധതിയിൽ അംഗീകരിച്ചിട്ടുള്ളത്.

ഈ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ത്രിതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള ഒരു സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മറ്റി (SLEC) ഉന്നതതല മേൽനോട്ടത്തിനും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യൂ)ന്റെ നേതൃത്യത്തിലുള്ള പ്രോജക്റ്റ് മാനേജ്മെൻറ് യൂണിറ്റ് (PMU) ഹെഡ്ക്വാർട്ടർ തലത്തിലും, സർക്കിൾ തലവന്മാരുടെ നേതൃത്വത്തിലുള്ള റീജിയണൽ ലെവൽ കമ്മിറ്റികൾ പ്രാദേശിക തലത്തിലും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

23.05.2019 തീയതി സർക്കാർ ഉത്തരവ് (പി) നമ്പർ 19/2019/P&EA പ്രകാരം 800 കോടി രൂപയാണ് റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാമിൽ മൊത്തം വകയിരുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആകെ അംഗീകരിച്ച തുക (രൂപ കോടിയിൽ) | 2019-20 -ലേക്ക് അനുവദിച്ച തുക (രൂപ കോടിയിൽ) |
|---|---|---|---|
| 1 | വനത്തിനകത്തുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം | 291.96 | 105.9176 |
| 2 | സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ | 385.31 | 18.8000 |
| 3 | കണ്ടൽ കാടുകളുടെ ഏറ്റെടുക്കലും സംരക്ഷണവും | 120.00 | 2.14000 |
| 4 | വനാന്തര ഭാഗങ്ങളിൽനിന്നും ഉൾവനങ്ങളിലെ ഗോത്രവാസി കളെ വനത്തിനുള്ളിൽ ത്തന്നെയുള്ള അനുയോ ജ്യമായ ഇടങ്ങളിലേക്ക് മാറ്റിത്താമസിപ്പിക്കുന്നതിനുള്ള സാധ്യതാ | 5.98 | 0.54600 |

| | | | |
|---|---|---|---|
| | പഠനം, കണ്ടൽ കാടുകളുടെ സംരക്ഷണം സംബന്ധിച്ച സാധ്യതാ പഠനം, വനങ്ങൾ പ്രദാനം ചെയ്യുന്ന ഹൈഡ്രോളജിക്കൽ സർവ്വീസസിനെ കണക്കാക്കു ന്നതിനുള്ള സാധ്യതാ പഠനം | | |
| | ആകെ | 800.00 | 130.406 |

1. വനസംരക്ഷണ നിയമം ലഘുവും സ്ഥായിയും ആയതിനാൽ നിയമത്തിൽ ഭേദഗതി ചെയ്യാതെ പകരം, നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങൾ റൂളിലും ഗൈഡ്ലൈൻസിലും ഭേദഗതി വരുത്തി നടപ്പാക്കുന്നതായിരിക്കും ഉചിതം.
2. കട്ട്-ഓഫ് ഡേറ്റിന് മുമ്പേ വനേതര ആവശ്യങ്ങൾക്കായി നൽകിയതും എന്നാൽ ഡീറിസർവ്വ് ചെയ്യാത്തതുമായ റിസർവ്വ് വനങ്ങൾ വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്.
3. ബഹു. സുപ്രീം കോടതിയുടെ 12.12.1996 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സ്പേർട്ട് കമ്മിറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു ഭൂമികളും വന സംരക്ഷണ നിയമം വിഭാവനം ചെയ്യുന്ന പരിശോധനയിൽ ഉൾപ്പെടുന്നതാണ്. വിട്ടുപോകാനുള്ള സാധ്യത വിരളമാണെങ്കിലും, ഇത്തരത്തിലുള്ള ഏതെങ്കിലും വനഭൂമി പ്രസ്തുത റിപ്പോർട്ടിൽ വിട്ടുപോയിട്ടുണ്ടെങ്കിൽ ആയത് ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.
4. പരിഹാര വനവൽകരണം നടത്തിയിട്ടുള്ള എല്ലാ ഭൂമികളും, റിസർവ്വ് വനമായി വിജ്ഞാപനം ചെയ്തിട്ടില്ലെങ്കിൽ പോലും, വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരേണ്ടതാണ്.

5. ആഗോളതാപനം കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങളിൽ വനങ്ങൾക്ക് വലിയ പ്രാധാന്യം ഉള്ളതിനാൽ, നിഘണ്ടുവിലെ വനത്തിന്റെ നിർവചനം അനുസരിച്ചുള്ള സവിശേഷതകൾ ഉള്ള സ്വകാര്യ ഭൂമികളിലും, നിയന്ത്രണങ്ങൾ ആവശ്യമാണ്. ആയതിനാൽ അത്തരം ഭൂമികളിൽ വളരെ ലഘുവായ നടപടിക്രമങ്ങൾ നടത്താവുന്നതും ആയതിലെ തീരുമാനം എടുക്കുവാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തല ഓഫീസർമാരെ ചുമതലപ്പെടുത്താവുന്നതുമാണ്.
6. പൊതു ധനം ഉപയോഗപ്പെടുത്തി വനവത്കരണം നടത്തിയിട്ടുള്ള എല്ലാ സർക്കാർ സ്ഥലങ്ങളും ഈ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്.
7. പൊതു ധനം ഉപയോഗപ്പെടുത്തി വനവത്കരണം നടത്തിയിട്ടുള്ള സ്വകാര്യ സ്ഥലങ്ങൾക്ക് വളരെ ലഘുവായ നടപടി ക്രമങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.
8. രാജ്യാന്തര അതിർത്തികളിൽ നടത്തേണ്ട പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ലഘുവായ നടപടി ക്രമങ്ങൾ കൊണ്ടു വരാവുന്നതാണ്.

9. വനവത്കരണം വിജയകരമായി നടപ്പിലാക്കുന്നത് ക്ലേശകരമായ പ്രവർത്തി ആണെന്ന് മുൻകാല അനുഭവങ്ങളിൽ നിന്ന് തെളിഞ്ഞിട്ടുള്ളതാണ്. ആയതിനാൽ, വനവത്കരണ പ്രവർത്തനങ്ങളിൽ സ്വകാര്യ വക്തികൾ പ്രകടിപ്പിക്കുന്ന താത്പര്യങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. അത്തരത്തിലുള്ള ഭൂമികൾ വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനു പകരം അത്തരം ഭൂമികൾ വനമായി നിലനിർത്തുന്നതിന് ധനസഹായം നൽകുന്നത് പരിഗണിക്കാവുന്നതാണ്.

10. വന സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുടെ നിരവധി നിയമങ്ങളും ചട്ടങ്ങളും നിലവിൽ ഉണ്ട്. വന

സംരക്ഷണ നിയമത്തിൽ ഉൾക്കൊള്ളിക്കുന്ന ഭേദഗതികൾ എതെങ്കിലും സംസ്ഥാനത്തെ നിയമങ്ങളുമായി പൊരുത്തപ്പെടാതെ വരികയാണെങ്കിൽ ആയത് നിലവിലുള്ള അവസ്ഥയെ താറുമാറാക്കുകയും സർക്കാരിന് സ്വാഭാവിക വനങ്ങൾക്ക് മേലുള്ള നിയന്ത്രണം നഷ്ടപ്പെടാൻ കാരണമാകുന്നതും തദ്വാര നമ്മുടെ രാജ്യത്തെ പരിരക്ഷണ ശ്രമങ്ങൾക്ക് ഹാനികരമാകാവുന്നതുമാണ്.

11. എല്ലാ സംസ്ഥാനങ്ങളുമായി വിശദമായി പര്യാലോചന നടത്തിയും അഭിപ്രായങ്ങൾ അറിയിക്കുവാൻ ആവശ്യത്തിന് സമയം നൽകിക്കൊണ്ടും വേണം ഇത്തരത്തിലുള്ള ഭേദഗതി വിഷയം പരിഗണിക്കുന്നത്.

12. പ്രസ്തുത നിയമത്തിലെ വിഷയങ്ങൾ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിൽ ആയതിനാൽ ബഹു. കോടതിയുമായി പര്യാലോചിച്ച് നടത്തേണ്ടതായിട്ടുണ്ടോ എന്ന് പരിഗണിക്കേണ്ടതാണ്.